# ഗവ. എൽ. പി. എസ്
# പുത്തൻനട

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 - 2026

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘു ചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. നിലവിലെ അവസ്ഥാ വിശകലനം
6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
7. പ്രതീക്ഷിത നേട്ടങ്ങൾ
8. മോണിട്ടറിംഗ്
9. മികവുകൾ / നേട്ടങ്ങൾ
10. ഉപസംഹാരം

അനുബന്ധം:

ക്ലാസ്തല മാസ്റ്റർ പ്ലാൻ

# ആമുഖം

സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതിയുടെ പ്രധാനമായ ലക്ഷ്യം ഗുണമേൻമാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നുള്ളതാണ്. അതിനായി സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കിയ സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ ഗവ. എൽ. പി. എസ്. പുത്തൻനട സ്കൂൾ സമൂഹത്തിനു മുന്നിൽ സമർപ്പിക്കുന്നു.

കൊല്ലം കോർപ്പറേഷൻ (തെക്കേ വിള ഡിവിഷൻ വാർഡ് നമ്പർ-41)-ൽ ആണ് ഗവ. എൽ. പി. എസ്. പുത്തൻനട സ്ഥിതിചെയ്യുന്നത്. ഈ സ്കൂളിന്റെ ഫീഡിംഗ് ഏരിയകൾ 40, 41 എന്നി ഡിവിഷനുകളാണ്. 1902-ൽ സ്ഥാപിതമായതാണ് ഈ സ്കൂൾ എന്ന് പറയപ്പെടുന്നു. അന്ന് ഈ പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും ഉണ്ടായിരുന്നില്ല. ശ്രീനാരായണ പ്രസ്ഥാനവും

ഈ സ്കൂളിന് വേണ്ടി പിൽക്കാലത്ത് സ്ഥലം സംഭാവന ചെയ്ത ശ്രീ. കൊച്ചുകുഞ്ഞ്, പുത്തിയിൽ തലയ്ക്കാണത്ത് ശ്രീ. എൻ. കൃഷ്ണൻ എന്നീ വ്യക്തികളുമാണ് ഈ സ്കൂൾ സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തിട്ടുള്ളത് എന്നാണ് പറയപ്പെടുന്നത്.

മുൻ കേരള ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. ചന്ദ്രഭാനു IAS, കലാസാംസ്കാരിക പ്രവർത്തകനായ ശ്രീനാരായണദാസൻ, പിൽക്കാലത്ത് ഈ സ്കൂളിലെ തന്നെ അദ്ധ്യാപികനായി തീർന്ന ശ്രീ. രാഘവൻ മാസ്റ്റർ, പ്രശസ്ത സിനിമ നടൻ പത്മശ്രീ മധു തുടങ്ങി ജീവിതത്തിന്റെ ഉന്നത ശ്രേണികളിലെത്തി ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച അനേകം വ്യക്തികൾ ഈ സ്കൂളിലെ പൂർവ്വകാല വിദ്യാർത്ഥികളായിട്ടുണ്ട്.

ഇപ്പോൾ സ്കൂളിൽ പ്രീ-പ്രൈമറിയിൽ ഉൾപ്പെടെ 66 വിദ്യാർത്ഥികളാണ് പഠിക്കുന്നത്. LKG മുതൽ Std 4 വരെ ഓരോ ഡിവിഷനുകളാണ് ഉള്ളത്. പ്രീ-പ്രൈമറിയിൽ ഒരു അധ്യാപികയും ഒരു ആയയും, ഒന്നു മുതൽ 4

വരെ ക്ലാസുകളിൽ HM ഉൾപ്പെടെ നാല് അധ്യാപകരും ഒരു PTCM ഉം, കുട്ടികൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്യാനായി ഒരു പാചകത്തൊഴിലാളിയും ഉൾപ്പെടെ 8 ജീവനക്കാരാണുള്ളത്.

പഠനത്തിൽ നല്ല നിലവാരം പുലർത്തുന്ന കുട്ടികളാണ് കൂടുതൽ പേരും. പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ വിവിധയിനം മത്സരപരീക്ഷകളിൽ തിളക്കമാർന്ന വിജയം കൈവരിച്ചവരാണ് നമ്മുടെ കുട്ടികൾ.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. എൽ. പി. എസ്. പുത്തൻനട |
| വിലാസം | : | പുത്തൻനട<br>തൈക്കാവിള (P.O)<br>കൊല്ലം . 691016 |
| സ്കൂൾ കോഡ് | : | 41403 |
| വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| വിദ്യാഭ്യാസ ഉപജില്ല | : | കൊല്ലം |
| BRC | : | കൊല്ലം |
| CRC | : | വാളത്തുംഗൽ |
| വാർഡ് | : | തൈക്കാവിള |
| കോർപ്പറേഷൻ | : | കൊല്ലം |
| നിയമസഭാ മണ്ഡലം | : | ഇരവിപുരം |
| ലോകസഭ മണ്ഡലം | : | കൊല്ലം |
| താലൂക്ക് | : | കൊല്ലം |
| വില്ലേജ് | : | മുണ്ടയ്ക്കൽ |
| ഇ-മെയിൽ | : | glpbskollurvila@gmail.com |

## ലക്ഷ്യങ്ങൾ:

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ് പരമപ്രധാനമായ ലക്ഷ്യം. ഓരോ ക്ലാസിലും കുട്ടി നേടേണ്ട പഠനശേഷികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പാക്കൽ.

- പ്രീപ്രൈമറി ക്ലാസുകളിലെ പഠനരീതി ആധുനികമായി പരിഷ്കരിക്കുക. 5 വയസ്സു വരെ കുട്ടി നേടേണ്ട അറിവുകൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പാക്കുക.
- 1 മുതൽ 4 വരെ ക്ലാസുകളിൽ കുട്ടികൾ ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- നാലാം ക്ലാസ്സ് പഠനം പൂർത്തിയാക്കി പോകുന്ന മുഴുവൻ കുട്ടികൾക്കും എഴുതാനും വായിക്കാനും ഗണിതക്രിയകൾ ചെയ്യാനും കഴിയുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പാക്കുന്ന

തിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ എത്തിക്കുക.

- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കുന്നതിന് കാര്യക്ഷമമായ അധ്യാപക പരിശീലനം ഏർപ്പെടുത്തുക.
- കുട്ടികളുടെ സർഗ്ഗാത്മകവും അക്കാദമികപരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ഉപജില്ല, ജില്ലാ മത്സരങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കൽ
- സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
- ICT പഠനം ക്ലാസ് മുറികളിൽ തന്നെ സാധ്യമാക്കുക.
- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഇല്ലാതാക്കുക.
- കുട്ടികൾക്ക് കളിക്കുന്നതിനായി പാർക്ക് നിർമ്മിക്കൽ.

- പ്രീപ്രൈമറി വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കുക. ശിശു കേന്ദ്രീകൃതമായി പാഠ്യപദ്ധതി വിനിമയം ചെയ്യുക.
- പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കൽ. മലയാളത്തിളക്കം പദ്ധതി ക്ലാസുകളിൽ നടപ്പിലാക്കൽ. പ്രത്യേകം പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാഹനവും നൽകും

# വിദ്യാലയത്തിന്റെ ലഘുചരിത്രം

കൊല്ലൂർ വിള എന്ന സ്ഥലനാമം കൊല്ലുന്ന ഊരും വിളയും ചേർന്ന് ഉണ്ടായതാണ് എന്ന് വിശ്വസിക്കപ്പെടുന്നു ദേശിംഗനാടിന്റെ കഴുകുമരം സ്ഥാപിച്ചിരുന്നത് ഈ പ്രദേശത്തായിരുന്നു. അതിനാലായിരിക്കാം കൊല്ലുന്ന ഊര് എന്ന് പേര് വന്നത്. ഇതിനോട് ചേർന്ന പ്രദേശങ്ങളെല്ലാം വിശാലമായ വിളകൾ (കൃഷിസ്ഥലങ്ങൾ) ആയിരുന്നു.

രാജഭരണ സിരാകേന്ദ്രങ്ങളിലൊന്നായിരുന്ന ഈ പ്രദേശത്തോട് ചേർന്ന 'രവി പുരത്തിന്' ഇരവിപുരം എന്ന പേര് സിദ്ധിച്ചു പഴയ തമിഴ് മലയാളത്തിൽ രവി എന്നത് ഇരവി എന്നാണ് ഉച്ചരിച്ച് കാണുന്നത്. ദേശിംഗനാടിന്റെ രാജാവായിരുന്ന രവി മാർത്താണ്ഡൻ തന്റെ തലസ്ഥാനം പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് മാറ്റി സ്ഥാപിച്ചു. പുതിയ തലസ്ഥാനത്തെ ഇരവിയുടെ ആസ്ഥാനമെന്ന നിലയ്ക്ക് ഇരവിപുരം എന്ന് വിളിച്ചു. ഇരവിപുരവും കൊല്ലൂർവിളയും ഉൾച്ചേർന്ന് കിടക്കുന്ന പ്രദേശങ്ങളാണ്.

ഇരവിപുരത്ത് രാജസ്ഥാനം ഉണ്ടായിരുന്നു എന്നതിന് ധാരാളം തെളിവുകളുള്ളതായി പ്രസിദ്ധ ചരിത്ര പണ്ഡിതനായ ഇളംകുളം കുഞ്ഞൻ പിള്ള

ഉണ്ണുനീലി സന്ദേശം ചരിത്ര ദൃഷ്ടിയിൽ എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇരവി പുരത്തിന്റെ ചുറ്റുവട്ടത്തിൽ കാണുന്ന കോട്ടപ്പുറങ്ങളും, കോട്ടയടി കാവും മറ്റും ഇതിന് തെളിവുകളാണ്. കോട്ട എന്ന പദം രാജാവിന്റെ അരമനയുമായി ബന്ധമുള്ളതും കോട്ടപ്പുറം അരമനയ്ക്ക് പുറത്തുള്ള ഭാഗവുമാണ്. രാജാവിന്റെ സൈന്യത്തിന് പരിശീലനം നൽകാനുള്ള സ്ഥലമായിരുന്നു വേലാച്ചുവിള. അതിനോട് ചേർന്ന് കിടക്കുന്ന കുന്നത്ത് ആശാൻമാരുടെ കാവിലും കളരിയിലും വച്ചാണ് രാജകുമാരൻമാർക്കും ആയുധ പരിശീലനം നൽകിയിരുന്നത്.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- പൂർണമായും ശിശുകേന്ദ്രീകൃതമായി പ്രീ-പ്രൈമറി ക്ലാസുകളിലെ പഠനരീതി മെച്ചപ്പെടുത്തുകയും അധ്യാപക പരിശീലനങ്ങളിലൂടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യൽ. 5 വയസുവരെ കുട്ടി ആർജ്ജിക്കേണ്ട കാര്യങ്ങൾ ആർജ്ജിച്ചു എന്ന് ഉറപ്പുവരുത്തൽ
- 1 മുതൽ 4 വരെ ക്ലാസുകളിൽ കുട്ടി നേടേണ്ട ശേഷികളും ധാരണകളും നൈപുണികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- കാർഷിക സംസ്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുക, മാലിന്യ നിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- പ്ലാസ്റ്റിക് വിമുക്ത, കീടനാശിനി മുക്ത, ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.
- പിന്നോക്കം നിൽക്കുന്നവരെ പ്രത്യേകം പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക.

- സ്കൂളിൽ പൊതുവിദ്യാലയത്തിന്റെ പ്രശസ്തി വീണ്ടെടുക്കാനായി അധ്യാപക രക്ഷാകർതൃ സംഘടന, പൂർവ്വ വിദ്യാർത്ഥി സംഘടന, വിദ്യാലയ വികസന സമിതി എന്നിവയുടെ സഹകരണത്തോടെ ആലോചിതമായ വികസനം ഉറപ്പാക്കുക.
- ഐ.ടി. അധിഷ്ഠിത പഠനസാമഗ്രികൾ വികസിപ്പിക്കുന്നതിലും ഉപയോഗിക്കുന്നതിലും മെച്ചപ്പെട്ട പരിശീലനം ഉറപ്പാക്കൽ.

# നിലവിലുള്ള അവസ്ഥ - വിശകലനം

## അക്കാദമികം

| | ഇനം | നിലവിലെ അവസ്ഥ | ഇനി വേണ്ടത് |
|---|---|---|---|
| 1. | ഭാഷാശേഷി | 75% കുട്ടികളും ഭാഷാശേഷി കൈവരിച്ചിട്ടുണ്ട് | മലയാളത്തിളക്കം, ശ്രദ്ധ തുടങ്ങിയവും നിരന്തര പരിശീലനങ്ങളും പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷകർത്താക്കൾക്ക് അവബോധം നൽകൽ, ലൈബ്രറി വികസനം, ICT സാധ്യത തുടങ്ങിയവയുടെ ലഭ്യത |
| 2. | ഗണിത ശേഷി | 60% പേർ ഗണിത ശേഷി കൈവരിച്ചു കഴിഞ്ഞു. | ക്ലാസ്റൂമിൽ ഗണിതമൂല, ഗണിത ക്ലബ്ബ്, ഗണിത പഠനോപകരണങ്ങളുടെ നിർമാണം, ഗണിത മേളകൾ, പസിലുകൾ, ICT സാധ്യത പ്രയോജനപ്പെടുത്തൽ. |
| 3. | ഇംഗ്ലീഷ് ഭാഷാശേഷി | സാമാന്യ നിലവാരം പുലർത്തുന്നു. | ഇംഗ്ലീഷ് ക്ലബ്ബ്, ഇംഗ്ലീഷ് അസംബ്ലി, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ, ഇംഗ്ലീഷ് സ്കിറ്റ്, ഇംഗ്ലീഷ് ഫെസ്റ്റ് |

| | | | |
|---|---|---|---|
| 4. | വായന പരിപോഷണം | സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി | ലൈബ്രറി വിപുലീകരണം (പ്രാദേശിക സഹകരണത്തോടെ) പുസ്തക ശേഖരണം ലൈബ്രറിക്കുള്ള ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ. |
| 5 | IT പരിശീലനം | മികച്ച രീതിയിൽ നടക്കുന്നു. | കമ്പ്യൂട്ടർ ലാബിന്റെ പ്രയോജനം |
| 6. | ഒന്നാം ക്ലാസ്, ഒന്നൊന്നരം | മികച്ച രീതിയിൽ നടക്കുന്നു | കളിയുപകരണങ്ങൾ ICT എന്നിവയുടെ ലഭ്യത. |
| 7. | ദിനാചരണം | അസംബ്ലിയിലും തുടർന്ന് സ്കൂൾ തലത്തിലും മെച്ചപ്പെട്ട രീതിയിൽ നടക്കുന്നു. | ക്ലാസ്റൂം പ്രവർത്തനങ്ങളെ ദിനാചരണങ്ങളുമായി ബന്ധിപ്പിക്കുന്നു. |

ഭൗതികം

| | | | |
|---|---|---|---|
| 1. | ചുറ്റുപാടുകൾ | സൗകര്യങ്ങൾ ഉണ്ട് | ഫൈൻഡിങ്സ് |
| 2. | ക്ലാസ് മുറികൾ | നിലവിൽ 5 ക്ലാസ് മുറികൾ ഉണ്ട്. | ലൈബ്രറി, ലാബ് എന്നിവ ക്ലാസ് മുറികളായി പ്രവർത്തിക്കുന്നതിനാൽ അവ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നില്ല. |
| 3 | ഓഫീസ് മുറി | ഓഫീസ് മുറിയിൽ സൗകര്യങ്ങൾ തീരെ കുറവ് | ആധുനിക സൗകര്യങ്ങളോടു കൂടിയ ഓഫീസ് മുറി |
| 4. | സ്റ്റാഫ് മുറി | നിലവിൽ സ്റ്റാഫ് മുറി ഇല്ല | ആധുനിക സജ്ജീകരണങ്ങളുള്ള പ്രത്യേക മുറി ആവശ്യമാണ്. കുട്ടികളുടെ റെക്കോർഡുകൾ സൂക്ഷിക്കാൻ അലമാര, അസുഖം വന്നാൽ കുട്ടികളെ കിടത്താൻ കട്ടിൽ എന്നിവ ആവശ്യമാണ് |

| | | | |
|---|---|---|---|
| 5. | കമ്പ്യൂട്ടർ മുറി | ക്ലാസ് റൂമുകളുടെ പണി നടക്കുന്നതിനാൽ നിലവിലുള്ള കമ്പ്യൂട്ടർ ലാബിൽ രണ്ടാം ക്ലാസ് പ്രവർത്തിച്ചു വരുന്നു. | കൂടുതൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളുടെ ലഭ്യത ഉറപ്പാക്കൽ. |
| 6. | ലൈബ്രറി | ഓഫീസ് മുറി, ക്ലാസ് മുറികൾ എന്നിവയുടെ പണി നടക്കുന്നതിനാൽ നിലവിലുള്ള ലൈബ്രറി ഓഫീസ് മുറിയായി പ്രവർത്തിച്ചു വരുന്നു. | കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കൽ, ജന്മദിനത്തിന് പുസ്തകം ശേഖരിക്കൽ, വായനാദിനത്തിന് പുസ്തക ശേഖരണം. |
| 7. | മാലിന്യ സംസ്കരണം. | തൊട്ടിക്കിണർ, കുഴി എന്നിവയിലാണ് നിലവിൽ മാലിന്യം നിക്ഷേപിക്കുന്നത് | ഖരമാലിന്യ സംസ്കരണപ്ലാന്റ് |
| 8. | ടോയ്‌ലറ്റ് | നിലവിൽ കെട്ടിട പണി നടക്കുന്നതിനാൽ ഒരു ടോയ്‌ലറ്റാണ് ഉപയോഗിച്ചു വരുന്നത്. | കെട്ടിട നിർമ്മാണത്തിൽ ടോയ്‌ലറ്റ് ബ്ലോക്ക് ഉള്ളതിനാൽ പുതിയതായി ടോയ്‌ലറ്റ് ആവശ്യമില്ല. |

## സാമൂഹികം

| | | | |
|---|---|---|---|
| 1. | SMC | സ്കൂളിന്റെ പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുന്നു | പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ ശ്രമിക്കൽ. |
| 2. | വിദ്യാലയ വികസന സമിതി | സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുന്നു. | കൂടുതൽ മികച്ച പ്രവർത്തനങ്ങൾക്ക് മുൻകൈയെടുക്കുന്ന പരിശ്രമം നടത്തൽ. |
| 3. | പൂർവ്വ വിദ്യാർഥി സംഘടന | ഭൗതിക വികസനം വർദ്ധിപ്പിക്കുന്നതിന് സഹായിച്ചു. | സ്കൂളിന് വിവിധതരത്തിലുള്ള സഹായ സഹകരണങ്ങൾ നൽകിവരുന്നു. |
| 4. | ക്ലാസ് പി.ടി.എ | എല്ലാ മാസവും ക്ലാസ് പി.ടി.എ കൂടുന്നു. കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ രേഖകൾ രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തുന്നു | 100% രക്ഷകർത്താക്കളെ CPTA യിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |

## 2025-26 അധ്യയനവർഷത്തിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | പ്രീപ്രൈമറി | | ഒന്നാം ക്ലാസ് | | രണ്ടാം ക്ലാസ് | | മൂന്നാം ക്ലാസ് | | നാലാം ക്ലാസ് | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 9 | 11 | 5 | 3 | 7 | 5 | 10 | 4 | 8 | 4 |
| ആകെ | 20 | | 8 | | 12 | | 14 | | 12 | |

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| • ഭാഷാശേഷി വികസനം | • ക്ലാസ് മുറികൾ | • വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| • ഗണിതശേഷി വികസനം | • ഓഫീസ് മുറി | • ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ ഇവരുടെ സഹായം പ്രയോജനപ്പെടുത്തൽ. |
| • ഇംഗ്ലീഷ് ഭാഷ പരിപോഷണം | • ഡൈനിംഗ് ഹാൾ | • CPTA മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| • വായനാ പരിപോഷണം | • മാലിന്യ സംസ്കരണം | • LSG ബന്ധം കാര്യക്ഷമമാക്കൽ |
| • പഠനയാത്രകൾ | | |
| • CPTA സജീവമാക്കൽ | | |
| • പച്ചക്കറിത്തോട്ടം | | |
| • ഗണിതലാബ് | | |

## പ്രതീക്ഷിത നേട്ടം.

കുട്ടിയുടെ മനസ്സിലെ ആശയങ്ങൾ സർഗ്ഗാത്മകമായി പ്രകടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ നൽകുന്നു. കുട്ടികൾക്ക് പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ആഴ്ചയിൽ മൂന്ന് ദിവസം ഉച്ചക്ക് സമയത്ത് പരിശീലനം നൽകുന്നു. ഓരോ മാസത്തിലും ക്വിസ് നടത്തുകയും വിജയികളെ അനുമോദിക്കുകയും ചെയ്യുന്നു. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിനായി എല്ലാ അസംബ്ലികളിലും 'A word a day' എന്ന പ്രവർത്തനം നടത്തിവരുന്നു. കൂടാതെ എല്ലാ ക്ലാസിലെ കുട്ടികളും ഇംഗ്ലീഷ് അസംബ്ലിയിൽ പങ്കെടുക്കുന്നു. എല്ലാ വെള്ളിയാഴ്ച വൈകുന്നേരങ്ങളിൽ നടക്കുന്ന സർഗവേളയിൽ ഇംഗ്ലീഷ് ക്ലബ്ബുമായി ബന്ധപ്പെട്ട പസിൽ, കഥ, കവിത, സ്കിറ്റ് എന്നിവ നടത്തപ്പെടുന്നു. കൂടാതെ ഓരോ അക്കാദമിക വർഷവും ഇംഗ്ലീഷ് ഫെസ്റ്റ് നടത്തപ്പെടുന്നു.

മലയാള ഭാഷ മെച്ചപ്പെടുത്തുന്നതിനായി മലയാളത്തിളക്കം, ശ്രദ്ധ എന്നീ പരിപാടികൾ നടത്തിവരുന്നു. കൂടുതൽ പഠന പിന്തുണ വേണ്ടുന്നവർക്ക് ഉച്ചക്ക് അര മണിക്കൂർ പിന്തുണാ പ്രവർത്തനങ്ങൾ നടത്തുന്നു.

കൂടാതെ സർഗവേളകളിൽ മലയാളവുമായി ബന്ധപ്പെട്ട സർഗാത്മക പ്രവർത്തനങ്ങൾ നടത്തി വരുന്നു. എല്ലാ ആഴ്ചകളിലും ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ഒരു വർഷം ക്ലാസിൽ നടത്തിയ പ്രവർത്തനങ്ങൾ ഫെബ്രുവരി - മാർച്ച് മാസത്തിൽ നടത്തുന്ന പഠനോത്സവത്തിൽ അവതരിപ്പിക്കുന്നു.

കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിന് പരീക്ഷണങ്ങൾക്ക് കൂടുതൽ പ്രാധാന്യം ഈ അക്കാദമിക വർഷം നൽകിത്തുടങ്ങി. ശാസ്ത്രോത്സവങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ വർഷാരംഭത്തിൽ തന്നെ നടത്തിവരുന്നു

കുട്ടികളിൽ ഗണിതാഭിരുചി വളർത്താൻ വേണ്ടി കളികളിലൂടെയും വസ്തുനിഷ്ഠപരമായ പ്രവർത്തനങ്ങളിലൂടെ ഗണിത ക്രിയകൾ ചെയ്യിക്കുന്നു. ചെറിയ ക്ലാസ് മുതലേ അടിസ്ഥാന ഗണിത ക്രിയകൾക്ക് പ്രാധാന്യം നൽകി വരുന്നു.

കുട്ടികളുടെ ചാലക ശേഷി വികാസത്തിനുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള പഠനം ഉറപ്പു വരുത്തുന്നു.

# മോണിറ്ററിംഗ്

ഒരു അധ്യയന വർഷം കുട്ടി കൈവരിക്കേണ്ട ശേഷികൾ ക്ലാസ് മുറികളിൽ പ്രദർശിപ്പിക്കുകയും അവ രക്ഷിതാക്കൾക്ക് കണ്ട് ബോധ്യപ്പെടാനുള്ള അവസരം ഒരുക്കുന്നു. ഓരോ പഠനപ്രവർത്തനത്തിനും ശേഷം നിരന്തര മൂല്യനിർണയം നടത്തുകയും പിന്തുണ ആവശ്യമായവർക്ക് അത് നൽകുകയും ചെയ്യുന്നു. എല്ലാ മാസാവസാനവും ക്ലാസ് ടെസ്റ്റ് നടത്തി CPTA-ൽ കുട്ടികളുടെ നിലവിലെ അവസ്ഥ രക്ഷിതാക്കൾക്ക് ബോധ്യപ്പെടാൻ അവസരം നൽകുന്നു. ഇതിലൂടെ രക്ഷിതാക്കൾക്ക് കുട്ടിയെ മോണിറ്റർ ചെയ്യാൻ അവസരമുണ്ടാകുന്നു. ഓരോ ടേമിന്റെയും അവസാനം ടേം മൂല്യനിർണയം നടത്തി 'സമ്പൂർണ പ്ലസിൽ' രേഖപ്പെടുത്തുന്നു.

## മികവുകൾ / നേട്ടങ്ങൾ

### കഴിഞ്ഞ വർഷം

ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യ-ശാസ്ത്ര പ്രവൃത്തിപരിചയമേളകളിൽ പങ്കെടുത്ത് മികച്ച വിജയം കൈവരിക്കാൻ നമ്മുടെ കുട്ടികൾക്ക് സാധിച്ചു.

സയൻസ് ചാർട്ട് (A grade), ചിരട്ടപരികരണം (A grade), ജ്യാമതീയ ചാർട്ട് (A grade) പസിൽ (2nd A grade), നമ്പർ ചാർട്ട് (A grade) ക്വിസ് (A grade), സോഷ്യൽസയൻസ് ചാർട്ട് (A grade), വർക്ക് എക്സ്പീരിയൻസ് മേള-യിൽ 5 ഇനങ്ങളിൽ മത്സരിച്ചു. എല്ലാത്തി-ലും മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു.

വരും വർഷങ്ങളിലും വിവിധ മേളകൾക്കായി കുട്ടികൾക്ക് മുൻകൂട്ടി പരിശീലനം നൽകി ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തി വരുന്നു.

# ഉപസംഹാരം

സ്കൂളിന്റെ സർവ്വതോൻമുഖമായ വികസനമാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനു വേണ്ടി സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി, പൂർവ്വ വിദ്യാർത്ഥി സംഘടന, പ്രാദേശിക ഭരണകൂടം, അഭ്യുദയകാംക്ഷികൾ തുടങ്ങിയവരുമായി സഹകരിച്ച് വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കിമാറ്റാൻ നമുക്ക് ഒത്തൊരുമയോടെ പ്രവർത്തിക്കാം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് · I

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, സംയുക്തഡയറി, സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ കുട്ടി മികവ് കൈവരിക്കേണ്ടത് ആയിട്ടുണ്ട്. ഇതോടൊപ്പം കുട്ടികളുടെ ശാരീരിക, മാനസിക, വൈകാരിക മായ നേട്ടങ്ങളും കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം വയ്ക്കുന്നത്. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയിരിക്കുന്നത്. ഇതിലൂടെ ഭാഷയിലെ വിവിധ പ്രവർത്തനങ്ങൾ കുട്ടി സ്വായത്തമാക്കുന്നു. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പ്രവർത്തനങ്ങളാണ് ഒന്നാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും കഴിവുള്ളവരാക്കുക.

* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി എഴുതാനും, മെച്ചപ്പെടുത്താനും കഴിവുള്ള വരാക്കുന്നു.

* ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ പ്രാപ്തരാക്കുക

* കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലാനും ആസ്വദിക്കാനും, പുതിയ വരികൾ കൂട്ടിച്ചേർത്ത് ആലപിക്കാനും കഴിവുള്ള വരാക്കുക

* മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്കുകൾ, വാക്യങ്ങൾ ഇവ എഴുതാൻ പ്രാപ്തരാക്കുക.

* പല തരത്തിലുള്ള (ഭാഷയുമായി ബന്ധപ്പെട്ട) പതിപ്പുകൾ തയാറാക്കുന്നു.

## ജൂൺ

x അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, അവതരണം

x സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

x ബാലകവിതകളും കുട്ടിപ്പാട്ടുകളും ആസ്വദിക്കാനും താളാത്മകമായി അവ ചൊല്ലാനുള്ള കഴിവ്.

x ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കുന്നു.

x ചെറിയ കഥകൾ കേൾക്കാൻ അവസരം നൽകുന്നു

x കുട്ടിക്ക് കഥ പറയാനുള്ള അവസരം ഒരുക്കുന്നു.

x ദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

## ജൂലൈ

x സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ

x രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു

x വായനമൂല ഒരുക്കുന്നു

x കുഞ്ഞു കഥകൾ കേൾക്കാനും പങ്കുവയ്ക്കാനുമുള്ള അവസരം ഒരുക്കുന്നു

x അക്ഷരപ്പാട്ടിൽ നിന്ന് ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

ഓഗസ്റ്റ്

- പാട്ടരങ്ങ് നടത്തുന്നു
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു
- പാഠപുസ്തകത്തിലെ രചനകൾ അവതരിപ്പിക്കുന്നു
- വായനയിലേക്ക് കുട്ടികളെ നയിക്കുന്നു
- വായനാ കാർഡുകൾ വായിക്കാനായി നൽകുന്നു

സെപ്റ്റംബർ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു
- സ്വതന്ത്രമായി വായിക്കാൻ അവസരം നൽകുന്നു

ഒക്ടോബർ

- ചെറിയ, ചെറിയ വാക്യങ്ങളിലൂടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു
- വായന ആസ്വാദ്യകരമാക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും, സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു
- ഭിന്ന നിലവാരക്കാർക്കുള്ള ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

നവംബർ

* സംയുക്തഡയറിയിൽ കുട്ടി എഴുതുന്നത് കൂടുതലാകുന്നു
* ചിത്രവായന, അക്ഷരങ്ങളുള്ള കൂട്ട വായന, നാട്ടുവായന
* ഇവ പ്രോത്സാഹിപ്പിക്കുന്നു
* വായനോത്സവം നടത്തുന്നു.
* പത്രവായനയ്ക്ക് അവസരം ഒരുക്കൽ
* താളാത്മകമായി കവിതകൾ ചൊല്ലൽ

ഡിസംബർ

* ദൈനംദിന അനുഭവങ്ങൾ പറയുന്നു. തെറ്റില്ലാതെ കുറഞ്ഞ വാക്യങ്ങളിൽ എഴുതുന്നു.
* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും, ചെറു വാക്യങ്ങളിലൂടെ എഴുതാനും കഴിയുന്നു.
* സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു. മികച്ച രചനകൾ കണ്ടെത്തുന്നു.

ജനുവരി

* കുട്ടികളുടെ രചനകൾ ചേർത്ത് പതിപ്പ് തയാറാക്കുന്നു
* മികവുകൾ സമൂഹത്തിനു മുൻപിൽ പ്രകടിപ്പിക്കുന്നു

## ഫെബ്രുവരി.

- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിന് മുൻപിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ എഴുതാനും, വായിക്കാനും അവസരം ഒരുക്കുന്നു

## മാർച്ച്.

- കുട്ടികൾ തയ്യാറാക്കിയ രചനകളുടെ പ്രകാശനം
- വീട്ടുവായന, അമ്മ വായന, ചങ്ങല വായന, സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു

## August

- Enjoy songs and sings them with Rhythm and action
- Describe orally about pictures and objects using adjectives

## September

- Read and write simple words and simple sentences
- provides picture cards and reading cards

## October

- Introduce simple picture description
- Make word chain,
- Make riddles
- Text book activities

## November

- encourage to read reading cards
- Text book activities

## December

- Read and understand simple instructions in the class room
- Encourage reading the Text book.

## January

- Enjoy the songs and sings with Rhythm and action
- Introduce pictures of animals and its young ones

## February & March

- Express my self in class room
- English Assembly

English

The goal for the first standard student is to handle English fluently. The student must go from small words to big words. They must be able to speak, read, and write English. The academic master plan is designed to ensure that not a single child goes illiterate

Objectives

- Respond to simple instructions in the classroom
- Describe orally about the pictures and objects
- Familiarise with simple words
- Enjoy songs and sings them with rhythm and action
- Familiarise the names of birds, animals their young ones and identifies them with pictures

June

- Introduce simple words.
- Provides words card.

July

- Identify familiar words
- Say familiar words
- Read familiar words
- Write familiar words.

# ഗണിതം

## ലക്ഷ്യങ്ങൾ

x. ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു

x. അഞ്ചു വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു

x അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

x ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു. എഴുതുന്നു, വായിക്കുന്നു

x സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ ആക്കുന്നു

x രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം

x രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം

x 1 – 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു

x സംഖ്യാ പാറ്റേൺ രൂപീകരിക്കൽ

x ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

x 1-5 വരെ സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു

x സംഖ്യാ കാർഡ് നിർമിക്കൽ

ജൂലൈ

x ഗണിത പഠനത്തിനാവശ്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയാറാക്കുന്നു

x സംഖ്യാ കാർഡ് തയാറാക്കുന്നു

ഓഗസ്റ്റ്

x 1 – 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു

x കൂടുതൽ, കുറവ് തിരിച്ചറിയുന്നു

x ഗണിത കിറ്റിലെ സാധനങ്ങൾ ഗണിത പ്രവർത്തനത്തിൽ ഉൾപ്പെടുത്തുന്നു

സെപ്തംബർ

x സംഖ്യാ ഗാനങ്ങൾ അവതരിപ്പിക്കൽ

x സംഖ്യാ ഗാനങ്ങൾ അവതരിപ്പിക്കൽ

x ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ

x ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ

x ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്

ഒക്ടോബർ

x ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ

x വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ

## നവംബർ

* സംഖ്യാ ഗാനങ്ങൾ പാടുന്നു.
* ഒരക്കസംഖ്യയും, രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.

## ജനുവരി

* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു ഉപയോഗിക്കുന്നു
* ഒന്ന് മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

## ഫെബ്രുവരി

* ഗണിത അവബോധം ഉണ്ടാക്കുന്നു.
* പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു.
* ലളിതമായ ഗണിത കേളികളിൽ ഏർപ്പെടുന്നു

Std 2

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

## ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ മുഖ്യ ധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, ശാസ്ത്രാത്മിക ശേഷി, സർഗാത്മക ശേഷി, വൈകാരിക ശേഷി എന്നീ ശേഷികളിൽ കുട്ടികളുടെ ശേഷി പരിഗണിച്ചാണ് ഓരോ മാസ്റ്റർ പ്ലാനും തയ്യാറാക്കുന്നത്. എല്ലാ വിഷയത്തിലും മെച്ചപ്പെട്ട് നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം എന്നതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

→ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.

→ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുറ്റവരാക്കുക.

→ ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

→ ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

മുന്നൊരുക്കങ്ങൾ
—— x —— x —— x

→ പ്രീടെസ്റ്റ് നടത്തുന്നു എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

→ കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാതാ പിന്നോക്ക കുട്ടിക്ക് ലഭ്യമാകുന്നതിനുള്ള അവസരമുണ്ടാക്കു

പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ കുട്ടികൾക്ക് നിലവാരത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ചുമതല - ക്ലാസ് ടീച്ചർ

സാമ്പത്തികം - PTA

ഇനങ്ങൾ

→ ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

→ ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

→ വായന സാമഗ്രികൾ നിർമ്മിക്കൽ

→ വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

## ജൂലൈ

→ ഭാഷയുമായി ബന്ധപ്പെട്ട് ICT സാധ്യത ഉറപ്പാക്കുന്നു

→ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

→ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ചുമതല - ക്ലാസ് ടീച്ചർ, സാമ്പത്തികം - PTA

## ആഗസ്ത്

→ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

→ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

→ വീട്ടു ലൈബ്രറി ഒരുക്കൽ

→ ചിത്ര വിവരണം

→ വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

ചുമതല - ക്ലാസ് ടീച്ചർ, സാമ്പത്തികം - PTA

## സെപ്തംബർ

→ വായിച്ചറിഞ്ഞ കഥയെ ചിത്രമാക്കൽ

→ വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

→ വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

→ വായിച്ച കഥാപാത്രങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

ചുമതല - ക്ലാസ് ടീച്ചർ

സാമ്പത്തികം - PTA

ഒക്ടോബർ

→ കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.

→ വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ

ഉദാ: ആന
വലിയ ആന
കറുത്ത വലിയ ആന

ചുമതല- ക്ലാസ് ടീച്ചർ, സാമ്പത്തികം - PTA

നവംബർ

→ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ചുമതല - ക്ലാസ് ടീച്ചർ, സാമ്പത്തികം - PTA

ഡിസംബർ

→ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

→ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ചുമതല- ക്ലാസ് ടീച്ചർ, സാമ്പത്തികം PTA

ജനുവരി

→ കുട്ടികൾ കൂടിച്ചേർന്ന് പാടുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കൽ

→ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം നൽകൽ.

ചുമതല- ക്ലാസ് ടീച്ചർ. സാമ്പത്തികം PTA

## ഫെബ്രുവരി

→ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ.

→ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

ചുമതല - ക്ലാസ് ടീച്ചർ, സാമ്പത്തികം PTA

## മാർച്ച്

→ വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ

→ വ്യക്തിഗത പതിപ്പ് തയ്യാറാക്കൽ

→ വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

→ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ ശക്തമാക്കൽ.

ചുമതല - ക്ലാസ് ടീച്ചർ, സാമ്പത്തികം - PTA

## ⟹ ഗണിതം

### ആമുഖം

പഠനം ആസ്വാദ്യകരവും രസകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് 'ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയം ഉൾക്കൊണ്ട് വേണം കുട്ടി

പരിമിതികൾ.

## പ്രവർത്തന ലക്ഷ്യങ്ങൾ

→ രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, വ്യാഖ്യാനം, സങ്കലനം, വ്യവകലനം, പ്രശ്നപരിഹാരം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

→ സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന്

→ ഗണിതാശയങ്ങൾ ഉറപ്പിക്കൽ

→ ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ഇടവിട്ട് എണ്ണുന്ന (100 ൽ താഴെ).

## മുന്നൊരുക്കം.

→ ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ച തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

## ഇനങ്ങൾ

→ 1, 2, 3, 4 . . .
1, 3, 5, 7 . . .
10, 20, 30, 40 . . . തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം ഉറപ്പാക്കൽ,

→ ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ടു മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവുണ്ടാകൽ.
ചുമതല - ക്ലാസ് ടീച്ചർ, സാമ്പത്തികം - PTA

**ജൂലൈ**

→ ഒരു കൂട്ടം വസ്തുക്കളോട് അതേ എണ്ണത്തിലുള്ള മറ്റൊരു കൂട്ടം വസ്തുക്കൾ ചേർന്ന് ആകെ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ

→ പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് ഇരട്ട സംഖ്യകൾ രൂപീകരിക്കൽ. (5+5=10, 10+10=20)
ചുമതല - ക്ലാസ് ടീച്ചർ, സാമ്പത്തികം - PTA

**ആഗസ്റ്റ്**

→ വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

→ സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.

→ 99 നോട് 1 കൂട്ടിയാൽ 100
100 ഒന്നുകൾ ചേർന്നാൽ 100

→ പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഇരട്ട സംഖ്യയും ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തൽ.
ചുമതല - ക്ലാസ് ടീച്ചർ, സാമ്പത്തികം - PTA

**സെപ്റ്റംബർ**

→ വിലവിവര പട്ടിക തയ്യാറാക്കൽ

→ ക്ലാസിലൊരു കട, സ്കൂളിലൊരു കട.
ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.
ചുമതല - ക്ലാസ് ടീച്ചർ, സാമ്പത്തികം SDC, PTA

**ഒക്ടോബർ**

→ ഇരട്ട സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

→ സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

→ സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ

ചുമതല - ക്ലാസ് ടീച്ചർ, സാമ്പത്തികം PTA

## നവംബർ

→ സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

→ പ്രായോഗിക പ്രശ്ന പരിഹാരത്തിനായ് കളിനോട്ടുകൾ തയ്യാറാക്കി സംഖ്യ എഴുതൽ.

→ ക്ലാസിലൊരു കടയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.

→ നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ.

10 + 5 = 15 രൂപ

ചുമതല - ക്ലാസ് ടീച്ചർ, സാമ്പത്തികം PTA

## ഡിസംബർ

→ സംഖ്യാബോധം തിരിച്ചറിവ്.

→ സ്ഥാന വില പ്രശ്നപരിഹരണം (അബാക്കസ്)

→ രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ചുമതല - ക്ലാസ് ടീച്ചർ

## ജനുവരി

→ വില വിവര പട്ടിക തയ്യാറാക്കൽ, പട്ടികപ്പെടുത്തൽ, തുക കണ്ടെത്തൽ.

→ സങ്കലന - വ്യവകലന പ്രായോഗിക പ്രശ്ന പരിഹരണം.

ചുമതല - ക്ലാസ് ടീച്ചർ

## ഫെബ്രുവരി

→ ഗണിതം ആസ്വാദ്യകരമാകാൻ ഇടവേളകളിൽ ഗണിതാലാപനം.

→ ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

ചുമതല - ക്ലാസ് ടീച്ചർ

## മാർച്ച്

→ കലണ്ടർ പതിപ്പ് തയ്യാറാക്കൽ

→ കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്.

→ കലണ്ടർ സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ

→ കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.

→ ഗണിതാശയങ്ങൾ പ്രായോഗിക ജീവിതത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

ചുമതല - ക്ലാസ് ടീച്ചർ, സാമ്പത്തികം - PTA

# Academic Master Plan – English.

**Aim**

To Speak, read & write English without any mistakes.

Time – June, July, August.

**June**

Pretest

to develop listening Skills & reading Skills first.

Listening Skills :– Games, Action Songs, Hello English activities, 2 Conversations, Skit, Stories, use ICT.

Speaking Skills :– Description, growing Sentences, picture reading, picture description, Self introduction, Assembly activities, Speech, book review, quiz, riddles, etc.

**July & August**

Reading Skills :– News paper reading, library books reading, book review,

find words. Collect and read rhyming words, describing words etc Text book activities.

Writing Skills :- Make word web, picture - description, word chain, sentence chain, make words & make riddles, conversations, Add more lines, develop story, description, notice proclamations, diary, letter announcement, magazines.

Charge - class teacher

അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് 3
മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| * എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കുക | - ക്ലാസ് ലൈബ്രറി വികസനം, ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ.<br>- ചിത്രവായനയും വിശകലനവും :- ഗ്രൂപ്പിൽ പത്രം വായിക്കുന്ന പ്രതികരണങ്ങൾ ചർച്ച ചെയ്യും. ഉച്ചാരണ ശുദ്ധിയോടെ വായിക്കുവാൻ അവസരമൊരുക്കുന്നു.<br>- ക്ലാസ് ലൈബ്രറിയിലെ | അധ്യയന വർഷം മുഴുവൻ | അധ്യാപിക |

| | | | |
|---|---|---|---|
| | സ്കൂൾ ലൈബ്രറിയിലേയും ആഴ്ച പതിപ്പുകൾ വായിക്കൽ.<br>ലൈബ്രറി പുസ്തക വിതരണം ആഴ്ചയിലൊരിക്കൽ നൽകൽ. അവരുടെ വായനക്കുറിപ്പ് തയാറാക്കൽ, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകവായന<br>പുസ്തകപ്രദർശനം, വായന വാരാചരണം, അമ്മ വായന | ജൂൺ. ജൂലൈ | അധ്യാപിക CPTA. |
| * എല്ലാ കുട്ടികളും പ്രായത്തിന് അനുയോജ്യമായവിധം മികച്ച രീതിയിൽ ആശയവിനിമയം നടത്തൽ | പ്രസംഗ മത്സരങ്ങൾ<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ, അസംബ്ലി, വിദ്യാരംഗം എന്നിവയിൽ വാർത്ത, GK, സർഗ്ഗപരിപാടികൾ, കവിതകൾ എന്നിവ. അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. മലയാളത്തിലെ | അധ്യയന വർഷം മുഴുവൻ | അധ്യാപിക |

| | | | |
|---|---|---|---|
| * സാഹിത്യ അഭിരുചി വളർത്തുകയും സർഗാത്മക രചനയ്ക്ക് അവസരം സൃഷ്ടിക്കുകയും ചെയ്യുക. | പതിപ്പുകൾ തയാറാക്കൽ, എഡിറ്റിംഗ് നടത്തൽ. കവിതാസ്വാദനം, കഥാകഥനം തുടങ്ങിയ അവതരിപ്പിക്കൽ (CPTA, വിദ്യാരംഗം)<br>പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം, ബാലസഭ ശക്തിപ്പെടുത്തൽ | അധ്യയന വർഷം മുഴുവൻ | അധ്യാപിക CPTA |
| * ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക. | കുട്ടികളുടെ ചലച്ചിത്രങ്ങൾ - പ്രദർശനം സാഹിത്യകാരന്മാരുടെ ജന്മദിനം, അവരുടെ സംഭാവനകൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകളിലൂടെ ഓർമ്മപ്പെടുത്തൽ. മലയാളം കമ്പ്യൂട്ടിംഗ് മുഴുവൻ കുട്ടികളേയും പരിശീലിപ്പിക്കൽ. | " | അധ്യാപിക. |

# Academic Master plan - English - Std III

| Aim | Activities | Duration | Charge |
| --- | --- | --- | --- |
| * Enable all children to communicate confidently in English | Provide oppertunities for students to speak in English. Like class room conversations and group discussions. Role plays and skits are organized and oppertunities are provided for english speeches | Academic year | Teacher |
| * Encourage english reading and writing | Encourage. reading of english books and news papers. Motivate students to write poem and stories in english. Provide oppertunities for picture reading | | Teacher CPTA. |
| * Develop an appreciation for english literature | Organizing activities like watching english movies & celebrating english day. | | Teacher CPTA. |

അക്കാദമിക മാസ്റ്റർപ്ലാൻ - ഗണിതം Std III

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | സംഖ്യാബോധത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തൽ, വസ്തുക്കളുടെ ഉപയോഗത്തിലൂടെ സംഖ്യ ഉറപ്പിക്കൽ | ജൂൺ - മാർച്ച് അധ്യയന വർഷം മുഴുവൻ. | അധ്യാപിക. |
| ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിക്കുന്നു. | മനക്കണക്കുകൾ ചെയ്യുന്നതിന് അവസരമൊരുക്കൽ. നിത്യജീവിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങളുടെ പ്രശ്നപരിഹാരങ്ങൾ. | ജൂൺ - ഡിസംബർ. | അധ്യാപിക |
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ. | ജ്യാമിതി പ്രവർത്തനങ്ങൾ, ടാൻഗ്രാം, എന്നിവ നടത്തുന്നു. | ജൂൺ ജൂലൈ. | അധ്യാപിക |
| ഓരോ മാസത്തിലും കരിക്കുലം വിനിമയം ചെയ്യുന്ന [illegible] | കണക്കു പെട്ടിയിലേക്കാവശ്യമായ ഉൽപ്പന്നങ്ങൾ, ഗോവണി എന്നിവ നിർമ്മിക്കൽ. ആകൃതിപ്പാട്ട് ഗണിതമേള. | ജൂൺ to Feb. | അധ്യാപിക CPTA |

അക്കാദമിക മാസ്റ്റർ പ്ലാൻ - പരിസരപഠനം Std III

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| * നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് അവബോധം ഉണ്ടാകുക. ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളുടെ തരം തിരിക്കൽ പ്രകൃതി നടത്തം (വിദ്യാലയത്തിലെ ചുറ്റുപാട്). | ജൂൺ-ജൂലൈ | അധ്യാപിക |
| * പ്രകൃതി സംരക്ഷണം | മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിന്റെ ആവശ്യമായ പോസ്റ്റർ നിർമ്മാണം, വിദ്യാലയത്തിലെ പ്ലാസ്റ്റിക് ഹരിത കർമ്മസേനയെ ഏൽപ്പിക്കൽ | ആഗസ്റ്റ് സെപ്റ്റംബർ | PTA ഹരിതകർമ്മസേന അധ്യാപിക. കുട്ടികൾ |
| * വ്യക്തിശുചിത്വം | കൈ കഴുകൽ പരിശീലനം - പോസ്റ്റർ നിർമ്മാണം. ശുചിത്വ സന്ദേശങ്ങൾ തയ്യാറാക്കൽ. | സെപ്റ്റംബർ ഒക്ടോബർ | അധ്യാപിക, കുട്ടികൾ |

| | | | |
|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്തൽ | ശാസ്ത്രസംബന്ധമായ ഡോക്യുമെന്ററി, ചിത്രങ്ങൾ എന്നിവ ഉൾപ്പെ പ്രദർശനം. | ജൂൺ to ഫെബ്രുവരി | അധ്യാപിക. |
| ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കൽ. | ലഘുപരീക്ഷണങ്ങൾ, ശാസ്ത്രോപകരണങ്ങളുടെ നിർമ്മാണം. സയൻസ്ക്ലബ്ബ് ചുമതലത്തം. | അധ്യയന വർഷം മുഴുവൻ | |

അക്കാദമിക മാസ്റ്റർപ്ലാൻ STD: IV മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | · അധികസമയം കണ്ടെത്തി പിന്നാക്കക്കാർക്ക് പരിശീലനം നൽകുന്നു. | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | PTA |
| a) വായനാശേഷി പരിപോഷിപ്പിക്കൽ | · ക്ലാസ് ലൈബ്രറി വിപുലപ്പെടുത്തുന്നു | ജൂൺ | ക്ലാസ്ടീച്ചർ | PTA |
| b) ലേഖനശേഷി വർദ്ധിപ്പിക്കൽ<br>c) സർഗാത്മക രചന പരിപോഷിപ്പിക്കൽ | · വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് എന്നിവ പതിപ്പാക്കി പ്രദർശിപ്പിക്കുന്നു. | ജൂൺ to മാർച്ച് | ക്ലാസ്ടീച്ചർ | PTA |
| | · വിവിധ പഠനപ്രവർത്തനങ്ങൾ, അധിക പ്രവർത്തനങ്ങൾ (സർഗാത്മകം) | വർഷം മുഴുവനും | ക്ലാസ്ടീച്ചർ | PTA |

## അക്കാദമിക മാസ്റ്റർ പ്ലാൻ ഇംഗ്ലീഷ് - STD: IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി നേടൽ | 1. ഇംഗ്ലീഷ് അസംബ്ലി | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| | 2. ഇംഗ്ലീഷിൽ ഡയറി എഴുത്ത് | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| * സർഗാത്മകതാ പരിപോഷണം | 1. സ്കിറ്റ്, ഡ്രാമ, കഥപറച്ചിൽ, സംഭാഷണം അവതരിപ്പിക്കൽ - ദിവസവും പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ | PTA |
| | 2. ഇത്തരം അവതരണങ്ങൾ രചനകളാക്കുന്നു. | ഒക്ടോബർ to മാർച്ച് | ക്ലാസ് ടീച്ചർ | PTA |

## അക്കാദമിക മാസ്റ്റർ പ്ലാൻ - പരിസരപഠനം STD: IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | • ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ, കുട്ടികൾ | PTA |
| 2. അന്വേഷണത്വര വളർത്തൽ | • ശാസ്ത്രയാത്ര സംഘടിപ്പിക്കൽ | ആവശ്യാനുസരം | HM, PTA അധ്യാപകർ | PTA |
| 3. ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | • ശാസ്ത്രപതിപ്പ്, ആൽബം, പഠനോപകരണം, പരീക്ഷണം - ഇവയുടെ പ്രദർശനം (ശാസ്ത്രോത്സവം) | വർഷത്തിലൊരിക്കൽ | PTA, SMC, SRG | PTA |

## അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം STD: IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിതപഠനം ലളിതമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | • വിവിധ തരം കളികളിലൂടെ പഠനം അനുസ്യൂതണം ചെയ്യുന്നു.<br>→ ഏണിയും പാമ്പും<br>→ ഡയസ് കളി<br>→ കച്ചവട കളി | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| 2. ഗണിത ശേഷികളുടെ പ്രകടനം | • പസിൽ, പാറ്റേൺ, പ്രശ്നോത്തരി എന്നിവ ചെയ്യുന്നു. | പാഠത്തിനനുസരിച്ച് | ക്ലാസ് ടീച്ചർ | PTA |
| | • പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം<br>• പഠന ഉപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിലൊന്ന് | SRG, SMC PTA | PTA |